**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5761** **25-03-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് സംസ്ഥാനതല ബാങ്കേഴ്സ് സമിതി മുമ്പാകെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണത്തിന് പരിഹാരം കണ്ടെത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (എ) | കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ വഴി ലഭിക്കുന്ന പരാതികൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതി അതത് ബാങ്കുകളിലേക്ക് കൈമാറുകയും, നിയമാനുസൃതമായി സാധ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യാറുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് സമിതിയിൽ ലഭിക്കുന്ന ഭൂരിഭാഗം നിവേദനങ്ങളും ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ വഴിയാണ്. പരാതി പരിഹാര പോർട്ടലിൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതിക്കു കൈമാറിയ പരാതികളുടെ മൊത്തം കണക്കുകൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പോർട്ടലിൽ നിന്നും എത്ര പരാതികൾ വിദ്യാഭ്യാസ വായ്പ സംബന്ധിച്ചുള്ളവയാണ് എന്ന് വേർതിരിച്ചെടുക്കാൻ കഴിയുന്നതല്ല. 19-03-2025 വരെ സർക്കാരിൽ നിന്ന് സംസ്ഥാനതല ബാങ്കേഴ്സ് സമിതിക്കു ലഭിച്ച 7599 നിവേദനങ്ങൾ/ പരാതികൾ പരിശോധിക്കുകയും, അവയിൽ 7072 നിവേദനങ്ങൾ/ പരാതികളിന്മേലുള്ള തീരുമാനങ്ങൾ പോർട്ടലിലേക്കും ഹർജി നൽകിയ വ്യക്തികൾക്കും കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ